എ. ഡി. ബി. കൺസൾട്ടന്റുമാരുടെ പ്രവർത്തനം

7 (4615) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ മേഖലയ്ക്കുള്ള എ.ഡി.ബി. വായ്പയുടെ വിഹിതം ബോർഡിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എ.ഡി.ബി. വായ്പയുടെ ഭാഗമായുള്ള സാങ്കേതിക സഹായ പദ്ധതിയുടെ കൺസൾട്ടന്റുമാർ വൈദ്യുതി രംഗത്തെ നയപരവും നിയമപരവുമായ എന്തെല്ലാം പരിഷ്കാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട് ;

(സി) വൈദ്യുതി മേഖലാ പരിഷ്കാരങ്ങൾക്കായി കൺസൾട്ടന്റുമാർ തയ്യാറാക്കിയ റിഫോം ബിൽ സർക്കാർ അംഗീകരിക്കുകയുണ്ടായോ ;

(ഡി) എ. ഡി. ബി. കൺസൾട്ടന്റുമാരുടെ പ്രവർത്തനം പൂർണ്ണമായിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അവരുടെ അവശേഷിക്കുന്ന ജോലികൾ എന്തെല്ലാമാണ് ;

(എഫ്) കേരള ഗവൺമെന്റ് അംഗീകരിച്ച സാങ്കേതിക സഹായ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2002-2003 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന അനുവദിച്ചിരുന്ന 200 കോടി രൂപ, ബോർഡ് 2002-2003-ൽ സർക്കാരിന് നൽകാനുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടി (179 കോടി രൂപ), സർചാർജ് (6 കോടി രൂപ), ഗ്യാരന്റീ ഫീസ് (15 കോടി രൂപ) ഇവയിൽ തട്ടിക്കഴിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കൺസൾട്ടന്റുമാരായ ക്രിസിൽ ആന്റ് നെസന്റിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) വൈദ്യുതി മേഖലാ പരിഷ്ക്കാരങ്ങൾക്കായി റിഫോം ബിൽ തയ്യാറാക്കുന്നതിന് കൺസൾട്ടന്റുമാരെ നിയോഗിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) സാങ്കേതിക സഹായ പദ്ധതിയുടെ ഭാഗമായ പഠനത്തിന്റെ റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്.

(എഫ്) കേരളാ ഗവൺമെന്റ് അംഗീകരിച്ച സാങ്കേതിക സഹായ പദ്ധതിയുടെ പരിധിയിൽ താഴെ പറയുന്ന കാര്യങ്ങളാണ് വിഭാവനം ചെയ്യുന്നത്.

1. വൈദ്യുതി രംഗത്തെ റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് മേഖലയിൽ നടത്തിയിട്ടുള്ള പഠനങ്ങളുടെ അവലോകനം.
2. മേൽപ്പറഞ്ഞ കാര്യങ്ങളുടെ നടത്തിപ്പിന്റെ ഇപ്പോഴത്തെ നിലയുടെ അവലോകനം.

LIBRARY ARCHIVES Kerala Legislative Assembly

3. റിഫോം പ്രോഗ്രാമിൽ ഉദ്ദേശിക്കുന്ന ഫലപ്രാപ്തിക്കുവേണ്ടി മറ്റു കാര്യങ്ങൾ ചെയ്യേണ്ടതുണ്ടോ എന്ന പരിശോധന.

4. കെ. എസ്. ഇ. ബി. യിലെ വൈദ്യുതി മേഖലയിൽ വിഭാവനചെയ്യുന്ന പദ്ധതിയിൽ എ. ഡി. ബി. യിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാൻ അനുയോജ്യമായ പദ്ധതികളുടെ കണ്ടെത്തൽ.

5. റിഫോം പ്രോഗ്രമിനെയും ഇൻവെസ്റ്റ്മെന്റ് പ്ലാനിനെയും സംബന്ധിക്കുന്ന പഠനങ്ങളുടെ അവലോകനവും പുനർ നിർണ്ണയവും.

ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ മാറ്റി പകരം ഇലക്ട്രോണിക്സ് മീറ്ററുകൾ സ്ഥാപിക്കുന്നതിന് നടപടി

6 (4616) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ മാറ്റി പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇങ്ങനെ മാറ്റുന്നുണ്ടെങ്കിൽ എന്തൊക്കെ നേട്ടമാണ് സർക്കാർ ലക്ഷ്യമിടുന്നത് ;

(സി) ഇലക്ട്രോണിക് മീറ്ററുകൾ ഇപ്പോൾ ഏതൊക്കെ കമ്പനിയിൽ നിന്നാണ് വാങ്ങുന്നത് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ മീറ്ററുകൾക്ക് എത്ര വർഷം ഗ്യാരണ്ടിയാണ് കമ്പനികൾ നൽകുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ എ.പി.ഡി.ആർ.പി. സ്കീം പ്രകാരം പത്തനംതിട്ട, മഞ്ചേരി, കാസർഗോഡ്, എന്നീ ഇലക്ട്രിക്കൽ സർക്കിളുകളുടെ പരിധിയിൽ വരുന്ന മുഴുവൻ മെക്കാനിക്കൽ മീറ്ററുകളും മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ, തലശ്ശേരി എന്നീ ഏഴു ടൗണുകളുടെ പരിധിയിൽ വരുന്ന മുഴുവൻ മെക്കാനിക്കൽ മീറ്ററുകളും മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) ഇലക്ട്രോണിക് മീറ്ററുകൾ ക്ലാസ് 1 കൃത്യതയുള്ളതാണ്. ഈ മീറ്ററുകളുടെ സ്റ്റാർട്ടിംഗ് കറന്റ് ബേസിക് കറന്റിന്റെ 0.4% ആണ്. ആയതിനാൽ വളരെ ചെറിയ ലോഡിലും മീറ്റർ പ്രവർത്തിക്കുന്നതാണ്. ഈ മീറ്ററുകളിൽ ലൈനിൽ നിന്നും ലോഡിൽ നിന്നും ഉള്ള കണക്ഷനുകൾ തിരിച്ചുകൊടുത്താലും മീറ്റർ കൃത്യമായ ഉപയോഗം രേഖപ്പെടുത്തുന്നു. കൂടാതെ മോഷണശ്രമങ്ങൾ നടത്തിയാൽ കണ്ടുപിടിക്കാൻ ഇൻഡിക്കേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ യഥാർത്ഥ വൈദ്യുതി ഉപയോഗം രേഖപ്പെടുത്തുകയും വൈദ്യുതി മോഷണം തടയുകയുമാണ് മേൽവിവരിച്ച പദ്ധതിപ്രകാരം ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly